വർഷങ്ങളിലായി കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. 2015-16-ബഡ്ജറ്റിൽ നീര ഉൾപ്പെടെയുള്ള മൂല്യവർദ്ധന പദ്ധതികൾക്കായി 255 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കേരള കാർഷിക സർവ്വകലാശാലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന 'കേരാമൃതം' എന്ന നീര പടന്നക്കാട് കാർഷിക കോളേജിലെയും നീലേശ്വരം ഗവേഷണ കേന്ദ്രത്തിലെയും സെയിൽസ് കൗണ്ടർവഴിയും നാളികേര വികസന കോർപ്പറേഷന്റെ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീനിലൂടെയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള നാളികേര വികസന കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളിലൂടെയും നീര വിപണനം നടത്തിവരുന്നു.

നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 22-6-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വയനാട് ജില്ലയിൽ ഇഞ്ചി സംസ്കരണശാല അനുവദിക്കുന്നതിന് നടപടി

147 (4183) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) ഇഞ്ചി കർഷകരെ സഹായിക്കുന്നതിനായി ജില്ലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ ഇഞ്ചി സംസ്കരണശാല അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർക്ക് ഹെക്ടർ ഒന്നിന് 12,000 രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിലെ ഇഞ്ചി കർഷകരെ സഹായിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷി നടപ്പിലാക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ മൂല്യവർദ്ധനവിനുള്ള പദ്ധതി 2013-14 പ്രകാരം 255.27533 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് മലബാർ റീജിയണൽ കോപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ മീനങ്ങാടിയിൽ ഒരു ഇഞ്ചി സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

റബ്ബർ വില സ്ഥിരതാ ഫണ്ട്

148 (4185) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില സ്ഥിരതാ ഫണ്ട് ഉപയോഗിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നല്കുന്ന പദ്ധതിയിൽ സംസ്ഥാനത്ത് ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതിനകം സബ്സിഡിയായി എത്ര റബ്ബർ കർഷകർക്ക് എത്ര രൂപ വീതം വിതരണം ചെയ്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സ.ഉ.(പി) നമ്പർ 207/2014/നി.വ. തീയതി 22-12-2014 പ്രകാരം അനുമതി ലഭിച്ച റബ്ബർ വിലസ്ഥിരതാ പദ്ധതി നികുതിവകുപ്പ് മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി കൃഷിവകുപ്പിന് രൂക വകയിരുത്തിയിരുന്നില്ല.

റബ്ബർ സംഭരണം

149 (4186) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി സർക്കാർ ചെലവഴിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly